31/01/2020
13.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **AP 760(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3135/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.പി. അബ്ദുൽ അസീസ്,
10/139, പുളിക്കൽ ഹൗസ്,
വെള്ളിനക്കാട് റോഡ്,
പി.ഒ. തിരൂരങ്ങാടി –676 306,
മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,
   തിരൂരങ്ങാടി നഗരസഭ,
   തിരൂരങ്ങാടി പി.ഒ., മലപ്പുറം.

2. അപ്പീൽ അധികാരി,
   തിരൂരങ്ങാടി നഗരസഭ,
   തിരൂരങ്ങാടി പി.ഒ., മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.1.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.1.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 2.2.2018 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.3.2019 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 27.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.12.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.1.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 9.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം. |
| ഹിയറിംഗ് സാന്നിദ്ധ്യം | അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരായി. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.പി. അബ്ദുൽ അസീസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, പള്ളിപറമ്പ് മിനി വാട്ടർ സ്കീം കുടിവെള്ള വിതരണ കമ്മിറ്റി എന്ന സംഘടന സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ തീരുമാനിച്ചു എന്നും ആയതിലേക്ക് പ്രവർത്തന കേന്ദ്രമായി ഒരു കെട്ടിട നമ്പർ വേണം

എന്നതിനാൽ പമ്പ് ഹൗസിന് കെട്ടിട നമ്പർ അനുവദിച്ച് കിട്ടാൻ വേണ്ടി നഗരസഭാ സെക്രട്ടറിക്ക് 1.6.2017 തീയതി അപേക്ഷ നൽകി എന്നും ബന്ധപ്പെട്ട പമ്പ് ഹൗസിലേക്ക് കെ.എസ്.ഇ.ബി 12.4.2014ൽ നൽകിയ കണക്ഷൻ അന്നത്തെ കമ്മിറ്റി കൺവീനർ മരിച്ചതിനാൽ ടിയാന്റെ പേരിൽ നിന്നു മേൽപ്പടി കണക്ഷൻ മാറ്റി കിട്ടുന്നതിനായി ഒരു സാക്ഷ്യപത്രം കെ.എസ്.ഇ.ബി മുമ്പാകെ സമർപ്പിക്കാൻ വേണ്ടി മറ്റൊരു അപേക്ഷ കൂടി 1.11.2017 തീയതി നൽകിയിരുന്നു എന്നും മേൽപ്പടി രണ്ട് അപേക്ഷകളിലും തീരുമാനം എടുക്കാതെ വന്നതിനാൽ സെക്രട്ടറിയ്ക്ക് എതിരെ ഒരു പരാതി തയ്യാറാക്കി നഗരസഭ അദ്ധ്യക്ഷയ്ക്ക് 30.11.2017 തീയതി ഒരു ഹർജി നൽകുകയുണ്ടായി എന്നും മേൽപ്പടി ഹർജിയിന്മേൽ എടുത്ത നടപടി സംബന്ധിച്ച വിവരം അറിയുന്നതിലേയ്ക്കായി വിവരാവകാശ നിയമ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ആയതിനു നൽകിയ മറുപടി തൃപ്തികരമായിരുന്നില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പള്ളിപറമ്പ് മിനി വാട്ടർ സ്കീം കുടിവെള്ള വിതരണ കമ്മിറ്റി 30.11.2017 തീയതി തിരൂരങ്ങാടി നഗരസഭാ അദ്ധ്യക്ഷയ്ക്ക് നൽകിയ പരാതി നമ്പർ 22/17 ൽ എടുത്ത നടപടി സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, തിരൂരങ്ങാടി നഗരസഭയുടെ 20.10.2017 തീയതി നടന്ന സാധാരണ/അടിയന്തിര മീറ്റിംഗിലെ 3-ാം നമ്പർ തീരുമാന പ്രകാരം ഹർജിക്കാരന്റെ അപേക്ഷയിൽ പറഞ്ഞ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നതിന് യാതൊരു തടസ്സവും ഇല്ലാത്തതിനാലും പമ്പ് ഹൗസിൽ ഇലക്ട്രിക്കൽ കണക്ഷൻ നിലവിലുണ്ടെന്നതിനാൽ നേരത്തെ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടാകാമെന്ന് കൗൺസിൽ വിലയിരുത്തി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപേക്ഷ നിരസിക്കുന്നതിനും പുതിയ നമ്പർ നൽകേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലെന്നും പള്ളിപറമ്പ് മിനി വാട്ടർ സ്കീം കുടി വെള്ള വിതരണ കമ്മിറ്റിക്ക് ലഭിക്കേണ്ട ന്യായമായ സേവനങ്ങൾ നഗരസഭാ കാര്യാലയത്തിൽ നിന്നും കിട്ടാതെ ദുരിതത്തിൽ ആയതിനാലാണ് 30.11.2017 തീയതി സങ്കട ഹർജി നൽകിയത് എന്നും മേൽപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നൽകേണ്ടതിന് പകരം ഒന്നര മാസം മുമ്പ് എടുത്ത നീതികരിക്കാനാവാത്ത പകർപ്പാണ് നൽകിയത് എന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ പരാതിക്ക് ആസ്പദമായ പമ്പ് 1999 ലെ തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള കുടി വെള്ള വിതരണ പദ്ധതിയാണെന്നും നഗരസഭാ വക പുറമ്പോക്കു ഭൂമിയിൽ സ്ഥിതി ചെയ്യുന്ന മേൽപ്പടി പമ്പ് ഹൗസ് പ്രവർത്തനം ആരംഭിച്ച കാലയളവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി അന്നത്തെ പഞ്ചായത്ത് ഭരണ സമിതി പള്ളിപറമ്പ് മിനി വാട്ടർ സ്കീം കുടിവെള്ള വിതരണ ഉപഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ.ഒ.പി കുഞ്ഞി മുഹമ്മദ് ഹാജിയുടെ പേരിൽ താത്ക്കാലിക നമ്പർ അനുവദിച്ച് സാക്ഷ്യപത്രം നൽകിയിരുന്നു എന്നും ആയതു സംബന്ധിച്ച രേഖപ്പെടുത്തലുകളോ ഫയലുകളോ 2015-ൽ രൂപീകൃതമായ തിരൂരങ്ങാടി നഗരസഭയിൽ

സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും ശ്രീ. ഒ.പി. കുഞ്ഞി മുഹമ്മദ് ഹാജി മരണപ്പെട്ട സാഹചര്യത്തിൽ പുതിയ ഉപഭോക്തൃ കമ്മിറ്റി കൺവീനറുടെ പേരിൽ വൈദ്യുതി കണക്ഷൻ മാറ്റുന്നതിന് മേൽപ്പടി പമ്പ് ഹൗസിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബിയിൽ ഹാജരാക്കുന്നതിനു വേണ്ടിയാണ് ഹർജിക്കാരൻ അപേക്ഷ നൽകിയിരുന്നത് എന്നും നഗരസഭ ഉടമസ്ഥതയിലുള്ള പമ്പ് ഹൗസ് ആയതിനാലും കുടി വെള്ള പദ്ധതി പ്രവർത്തനത്തിന് വൈദ്യുതി സംബന്ധമായ തടസ്സങ്ങൾ നിലവിൽ ഇല്ലാത്തിനാലും 20.10.2018 ലെ 3-ാം നമ്പർ നഗരസഭ കൗൺസിൽ തീരുമാന പ്രകാരം ഹർജിക്കാരന്റെ അപേക്ഷ നിരസിച്ചു എന്നും ആയതു പ്രകാരം വിവരാവകാശ നിയമ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നും മരണപ്പെട്ട കമ്മിറ്റി കൺവീനർ ശ്രീ. ഒ.പി. കുഞ്ഞി മുഹമ്മദ് ഹാജിയുടെ പേരിൽ നിന്നും നിലവിലുള്ള പമ്പ് ഹൗസിന്റെ വൈദ്യുതി കണ്ക്ഷൻ മാറ്റി നൽകുന്നതിന് മേൽപ്പടി കമ്മിറ്റിയുടെ നിലവിലുള്ള ഭാരവാഹികളെ സംബന്ധിച്ചുള്ള കമ്മിറ്റി മിനിട്സും മറ്റു കമ്മിറ്റി തീരുമാനങ്ങളുടെയും പകർപ്പ് ഹാജരാക്കുന്ന മുറയ്ക്കും നഗരസഭ കൗൺസിൽ അനുമതിയോടുകൂടി മേൽപ്പടി വൈദ്യുതി കണക്ഷൻ നഗരസഭ സെക്രട്ടറിയുടെയോ നിലവിലുള്ള കമ്മിറ്റി കൺവീനറുടെയോ പേരിലേക്ക് മാറ്റി നൽകുന്നതിന് നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി ഒന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്നു കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ടത് 30.11.2017 തീയതി നഗരസഭാ മുമ്പാകെ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളാണ്. ആയതിന് നൽകിയ മറുപടിയിൽ അറിയിച്ചത്, 20.12.2017 തീയതി ചേർന്ന നഗരസഭാ മിറ്റീംഗിലെ 3-ാം നമ്പർ തീരുമാന പ്രകാരമുള്ള വിവരമാണ്. 30.11.2017തീയതി നൽകിയ ഹർജിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് 20.10.2017 തീയതിലെ തീരുമാനമാണെന്ന് അറിയിച്ചിട്ടുള്ളത് അംഗീകരിക്കാനാവില്ല. 30.11.2017 ലെ ഹർജിയിന്മേൽ തീരുമാനം ആയിട്ടുണ്ടെങ്കിൽ മേൽപ്പടി തീയതിക്കു ശേഷം നഗരസഭാ കൗൺസിൽ കൂടി എടുത്തിട്ടുള്ള തീരുമാനം എന്താണെന്നാണ് ഹർജിക്കാരനെ അറിയിക്കേണ്ടിയിരുന്നത്. ആയതിനു പകരം മേൽപ്പടി പരാതി ഹർജിക്ക് മുമ്പ് എടുത്തിട്ടുള്ള തീരുമാനം സംബന്ധിച്ച വിവരം നൽകിയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ നിരുത്തരവാദപരമായി ഹർജിക്കാരന് മേൽ പ്രസ്താവിച്ച പ്രകാരമുള്ള മറുപടി നൽകിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ യാതൊരു മറുപടിയും നൽകാത്ത രണ്ടാം എതിർകക്ഷി വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനം നടത്തിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി വീഴ്ച സംബന്ധിച്ച് പരാമർശിത

കാലയളവിലെ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

6. 30.11.2017 തീയതി തിരൂരങ്ങാടി നഗരസഭാ അദ്ധ്യക്ഷ മുമ്പാകെ പള്ളിപറമ്പ് മിനി വാട്ടർ സ്കീം കുടിവെള്ള വിതരണ കമ്മിറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം നിലവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം വ്യക്തമായി നൽകണമെന്നു കമ്മീഷൻ ഉത്തരവാകുന്നു. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, നഗരസഭ നിർദ്ദേശിച്ച പ്രകാരം മേൽപ്പടി വാട്ടർ സ്കീം വിതരണ കമ്മിറ്റിയുടെ മിനിട്സിന്റെയും തീരുമാനങ്ങളുടെയും പകർപ്പ് നഗരസഭ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണെന്നും ആയത് ഹാജരാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട വൈദ്യുതി കണക്ഷൻ കമ്മിറ്റി കൺവീനറുടെ പേരിലേക്ക് മാറ്റി നൽകാമെന്ന് അറിയിച്ചുവെങ്കിലും ആയതു പ്രകാരമുള്ള നടപടി നഗരസഭ സ്വീകരിച്ചിട്ടില്ലെന്നാണ്. മേൽക്കാര്യവും നഗരസഭ സെക്രട്ടറി പരിശോധന വിധേയമാക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk